TB Movie Panel Weekly Review

**#moviepanel**

ഇന്നിവിടെ പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നത് സിനിമയല്ല. ഒരു മിനി വെബ് സീരീസ് ആണ്.

" Unbelievable "

Written By: Jithin Sreedhar

Marie Adler എന്ന പതിനെട്ട് വയസ് മാത്രം പ്രായമുള്ള പെണ്കുട്ടിയുടെ പരാതിയിൽ ആണ് കഥ തുടങ്ങുന്നത്. കഴിഞ്ഞ രാത്രിയിൽ അവൾ rape ചെയ്യപ്പെട്ടിരിക്കുന്നു. വീട്ടിൽ അതിക്രമിച്ചു കയറി, ഒരു കത്തിമുനയിൽ നിർത്തി, തന്റെ കണ്ണ് കെട്ടിയിട്ട് തന്നോട് ആ ക്രൂരത ചെയ്തത് ആരാണ് എന്നത് മാത്രം അവൾക്ക് വ്യക്തമല്ല.

പോലീസ് അന്വേഷണം ആരംഭിക്കുന്നു. വീണ്ടും വീണ്ടും ആവർത്തിക്കേണ്ടി വരുന്ന തെളിവെടുപ്പുകൾ. ചോദ്യം ചെയ്യലുകൾ. മാനസികമായി അവളെ എത്രത്തോളം പീഡനം ചെയ്യാമോ, അത്രത്തോളം പീഡനം ചെയ്യുന്ന നിയമത്തിന്റെ നൂലാമാലകൾ. എന്നിട്ടും, കാര്യമായ തെളിവുകൾ ഒന്നും തന്നെ ലഭിക്കുന്നില്ല. അതോട് കൂടി ആ പ്രായത്തിൽ ഒറ്റപ്പെട്ട് ജീവിക്കുന്ന ഒരു പെണ്കുട്ടിയുടെ attention seeking ഉള്ള ഒരു ശ്രമം മാത്രമാണ് എന്ന നിലയിൽ ആ കേസ് ക്ലോസ് ചെയ്യപ്പെടുകയും ചെയുന്നു!

ഏതാണ്ട് രണ്ട് വർഷങ്ങൾക്ക് ശേഷം സമാനമായ ഒരു സംഭവം രാജ്യത്തിന്റെ മറ്റൊരു കോണിൽ സംഭവിക്കുന്നു. എന്നാൽ ആ സമയത്തേക്ക് Marie Adler സമൂഹത്തിൽ അത്ര കണ്ട് പരിഹാസ്യ ആകുകയും, എല്ലാവരും അവൾക്ക് നേരിടേണ്ടി വന്ന കാര്യങ്ങൾ ചിരിച്ചു തള്ളുകയും ചെയ്തിരുന്നു. വളരെ ദൂരെ, മറ്റൊരു ദേശത്ത് നടക്കുന്ന അന്വേഷണം അവളിലേക്ക് എത്തുവാൻ കാണുന്ന ഓരോ നിമിഷവും നമ്മൾ ആഗ്രഹിക്കും. അത് തന്നെ ആണ്, അവസാന നിമിഷം വരെ ഉദ്വേഗജനകമായ ഈ സീരിസിന്റെ വിജയവും.

2015 ൽ ഒരു യഥാർത്ഥ സംഭവത്തെ അടിസ്ഥാനമാക്കി T. Christian Millerഉം Ken Armstrongഉം ചേർന്ന് തയ്യാറാക്കിയ, പിന്നീട് Pulitzer Prize നേടിയ, "An Unbelievable Story of Rape" എന്ന ആർട്ടിക്കിളിനെയും, അവരുടെ തന്നെ A False Report എന്ന പേരിൽ 2018 ൽ ഇറങ്ങിയ മറ്റൊരു പുസ്തകത്തെയും ആശ്രയിച്ചാണ് ഇതിന്റെ തിരകഥ തയ്യാറാക്കിയിരിക്കുന്നത്.

2019 ൽ netflix ഇറങ്ങിയ ഈ സീരീസ്, ഒരുപാട് വലിച്ചു നീട്ടലുകൾ ഒന്നും ഇല്ലാതെ, 8 എപ്പിസോഡിലും പ്രേക്ഷകനെ പിടിച്ചിരുത്തുന്നതിൽ 100% വിജയിച്ചിട്ടുണ്ട് എന്നത് പറയാതെ വയ്യ !

Np :- മലയാളത്തിലും തമിഴിലും ഒക്കെ കണ്ട് ശീലിച്ചത് കൊണ്ടാകാം, വില്ലനെ എടുത്തിട്ട് ചറപറ ഇടിക്കുന്ന, വീണ്ടും വീണ്ടും ചോദ്യം ചെയ്യുന്ന പൊലീസ്കാരനെ പഞ്ഞിക്കിടുന്ന ഒരു സൂപ്പർ ഹീറോയെ ഇടക്കെപ്പോഴൊക്കെയോ ആഗ്രഹിച്ചു പോയി!